**പതിനാലാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1403** **03-12-2018 ൽ മറുപടിക്ക്**

**പാട്ടക്കാലാവധി കഴിഞ്ഞ പാട്ടഭൂമിയിലെ അനധികൃത നിർമ്മാണം**

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കൈയേറിയ തോട്ടഭൂമി തിരികെ പിടിക്കാനും അനധികൃത കൈയേറ്റം തടയാനും റവന്യൂ വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) തോട്ട ഭൂമി കൈയ്യേറിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ള കേസ്സുകളിൽ കേരള ഭൂപരിഷ്കരണ നിയമം, കേരള ഭൂ സംരക്ഷണ നിയമം എന്നിവയിലെ വ്യവസ്ഥകൾക്കനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുവാൻ ജില്ലാ കളക്ടർമാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇത് സംബന്ധിച്ച് നിലവിലെ നിയമത്തിനുപരിയായി പുതിയ നിയമനിർമ്മാണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) പരിഗണനയിൽ ഉണ്ട്. |
| (സി) പാട്ടക്കാലാവധി കഴിഞ്ഞതായ പാട്ടഭൂമിയിൽ അനധികൃത നിർമ്മാണം നടക്കുന്നതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) ഉണ്ട്. ഇത്തരം അനധികൃത നിർമ്മാണങ്ങൾ ഒഴിപ്പിച്ച് ഭൂമി സർക്കാർ അധീനതയിൽ ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**